ഉത്തരം

(എ) ഈ സംഭവവുമായി ബന്ധപ്പെട്ട പ്രാഥമിക അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ബി) ശ്രീമതി. ലൈലാ ഫാത്തിമാ മേരി (ഫാർമസിസ്റ്റ്), ശ്രീ. പി. വിജയൻ (ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ), ശ്രീ. പി.ഡി. കൃഷ്ണരാജ് (സ്റ്റോർ സൂപ്രണ്ട്) എന്നിവരാണ് പ്രഥമദൃഷ്ട്യാ കുറ്റവാളികളെന്ന് കണ്ടെത്തിയത്. ഇവരെ സസ്പെന്റ് ചെയ്യുകയും അച്ചടക്ക നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അച്ചടക്കനടപടികൾ തുടർന്ന് വരുന്നു.

(സി) സീനിയറായ പി.ഡി. കൃഷ്ണരാജിനെ സ്റ്റോർ സൂപ്രണ്ട് സ്ഥാനത്തുനിന്നും സ്റ്റോർ വെരിഫിക്കേഷൻ ആഫീസറായി സ്ഥലം മാറ്റി തിരുവനന്തപുരത്ത് നിയമിച്ചു. (സ്റ്റോർ സൂപ്രണ്ടിന്റെയും സ്റ്റോർ വെരിഫിക്കേഷൻ ഓഫീസറുടെയും ശമ്പള സ്കെയിൽ ഒന്നാണ്).

ഫീൽഡ് വർക്കേഴ്സ് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം

155(1643)ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എറണാകുളം ജില്ലയിൽ 1996 ജനുവരിയിൽ നിലവിൽ വന്ന പി.എസ്.സി.യുടെ ഫീൽഡ് വർക്കേഴ്സിന്റെ റാങ്ക്ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നൽകിയ ആർക്കെങ്കിലും ഇൻസെക്ട് കളക്ടേഴ്സായി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇൻസെക്ട് കളക്ടർ ആയി പ്രൈമോഷൻ നൽകാൻ സർക്കാർ ഫീൽഡ് വർക്കേഴ്സ് ആയി മിനിമം എത്രവർഷം സേവനം അനുഷ്ഠിക്കണമെന്ന് വ്യക്തമാക്കുമോ;

(സി) എറണാകുളം ജില്ലയിൽ ഇപ്പോൾ ഇൻസെക്ട് കളക്ടറിന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഒഴിവുകളിൽ യോഗ്യതയുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 44 പേർക്ക് നിയമനം നൽകി.

(ബി) ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല. ഇൻസെക്ട് കളക്ടറുടെ നിയമനരീതിയും യോഗ്യതയും മറ്റും പ്രതിപാദിക്കുന്ന 11.10.89-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 216/89/ആ.കു.വ. പ്രകാരം യോഗ്യതയുള്ള ഫീൽഡ് അസിസ്റ്റന്റുമാരേയും അവരുടെ അഭാവത്തിൽ രണ്ടുവർഷം മിനിമം സേവനം ഉള്ളതും എസ്.എസ്.എൽ.സി. പാസ്സായതുമായ പുരുഷഫീൽഡ് വർക്കർമാരേയും പ്രൊമോഷന് പരിഗണിക്കുന്നു.

(സി) ഒഴിവുകൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly